**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2416**
**13.02.2013- ലെ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ വിവിധ പെൻഷൻ പദ്ധതികൾ</u>**

ചോദ്യം
**ശ്രീ. പി.റ്റി.എ. റഹീം**

ഉത്തരം
ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും
നിയമവും ഭവന നിർമ്മാണവും
വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | സ്റ്റാറ്റ്യൂട്ടറി പെൻഷൻ, പി. എഫ്. പെൻഷൻ, കോൺട്രിബ്യൂട്ടറി പെൻഷൻ ഇവ തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | സർക്കാർ ജീവനക്കാർക്കു നിലവിൽ നല്കിവരുന്ന പെൻഷനെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്ന് പറയാറുണ്ട്. അതുപോലെ ജീവനക്കാരന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും ചേർത്തുള്ള നിക്ഷേപത്തിൽ നിന്നും ജീവനക്കാർക്ക് നല്കുന്ന പെൻഷനെ കോൺട്രിബ്യൂട്ടറി പെൻഷൻ എന്ന് വിശേഷിപ്പിക്കാറുണ്ട്. ഇ.പി.എഫ് ആക്ട് 1952-ന്റെ പരിധിയിൽ വന്നിട്ടുള്ള ഏതെങ്കിലും സ്ഥാപനം നേരിട്ടോ അല്ലാതെയോ നിയമിക്കപ്പെടുന്ന ജീവനക്കാർക്കു നല്കുന്നതാണ് പി.എഫ് പെൻഷൻ. |
| (ബി) | കേരളത്തിൽ പ്രസ്തുത പെൻഷൻ പദ്ധതികൾ ഏതൊക്കെ മേഖലകളിലായാണ് നടപ്പിലാക്കി വരുന്നത് ; | കേരള സർവ്വീസ് റൂൾസ് ബാധകമായിട്ടുള്ളതും 01-04-2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതുമായ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷനും 01-04-2013ന് ശേഷം നിയമനം |

| | | |
|---|---|---|
| | | ലഭിക്കുന്നവർക്ക് നാഷണൽ പെൻഷൻ സിസ്റ്റം അനുസരിച്ചുള്ള പെൻഷനുമാണ് ബാധകമായിട്ടുള്ളത്. ഇ.പി.എഫ് ആക്ട്1952 ന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്കാണ് ഇ.പി.എഫ് പെൻഷൻ ബാധകമായിട്ടുള്ളത്. |
| (സി) | ഇവ മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | തൊഴിലുടമ പ്രതിമാസം അടയ്ക്കുന്ന തൊഴിലാളിയുടെ വേതനത്തിന്റെ 8.33% ഉം കേന്ദ്രസർക്കാരിന്റെ വിഹിതമായ 1.16% ഉം ചേർന്ന പെൻഷൻ ഫണ്ടിൽ നിന്നാണ് പി.എഫ് പെൻഷൻ നല്കിവരുന്നത്. കോൺട്രിബ്യൂട്ടറി പെൻഷനിൽ ജീവനക്കാരൻ സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ പെൻഷൻ നിക്ഷേപത്തിന്റെ 60% തുക മടക്കി നല്കുകയും 40% തുക തുടർകാലത്തേയ്ക്ക് ജീവനക്കാർക്ക് പെൻഷൻ ലഭ്യമാകുന്നതിനായുള്ള annuity യിൽ നിക്ഷേപിക്കുന്നതാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ജീവനക്കാരന്റെ വിഹിതം അടയ്ക്കേണ്ടതില്ല. |
| (ഡി) | പി.എഫ്. പെൻഷൻ, കോൺട്രിബ്യൂട്ടറി പെൻഷൻ എന്നിവ ഏതെങ്കിലും സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്ന പലിശയിൽനിന്നാണോ പെൻഷൻ നൽകുന്നത്? | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**